# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4292 03/02/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന എസ്.ടി.പി. യുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഗവൺമെന്റ് ആർട്സ്, സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി കെൽട്രോൺ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് പരിശീലനം നൽകുന്നതിനായി Professional Diploma in Computerised Instrumentation (PDCI), Professional Diploma in Network Engineering (PDNE) എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് എസ്.റ്റി.പി. പദ്ധതി. |
| (ബി) | ഈ പരിപാടി സംസ്ഥാനത്താകെ നടപ്പാക്കാൻ നോഡൽ ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം പരിപാടികൾക്കാണ് പ്രസ്തുത ഏജൻസിയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്താമാക്കാമോ ; | (ബി) | പ്രസ്തുത പരിപാടി നടപ്പാക്കാൻ കെൽട്രോൺ എന്ന സ്ഥാപനത്തെയാണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരമേറ്റശേഷം കെൽട്രോൺ എന്ന സ്ഥാപനത്തെ താഴെ പറയുന്ന പദ്ധതികൾക്ക് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>1. ഫയർ ആന്റ് സേഫ്റ്റി<br>2. മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ<br>3. PG diploma Web application using free and open source platform.<br>4. PG Diploma in IT enabled service and BPO.<br>5. Keltron certified networking professional<br>6. Certificate Programme in professional excellence |

| | | | |
|---|---|---|---|
| | | | 7. Diploma in Software Testing<br>8. PG Diploma in advanced embaded system Design. |
| (സി) | പ്രസ്തുത പരിപാടി നടപ്പാക്കാൻ ഈ ഏജൻസിയെ നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അവലംബിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ് ; | (സി) | സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ച് സർക്കാർ അനുമതിയോടെയാണ് കെൽട്രോൺ എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തത്. |
| (ഡി) | ഈ പരിപാടിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് കമ്പ്യൂട്ടർ പഠനം നൽകിയെന്നും, പഠനശേഷം നൽകിയ സർട്ടിഫിക്കറ്റ് ഏത് ബോർഡ്/ യൂണിവേഴ്സിറ്റിയുടേതാണെന്നും വ്യക്തമാക്കാമോ; പരിപാടിയിൽ പറഞ്ഞിട്ടുള്ളതു പോലെ പഠനം പൂർത്തിയാക്കിയ എത്ര പേർക്ക് ജോലി ലഭിച്ചുവെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ? | (ഡി) | കമ്പ്യൂട്ടർ പരിശീലനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു: |

| ജില്ല | പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 117 |
| കൊല്ലം | 67 |
| എറണാകുളം | 190 |
| കോട്ടയം | 88 |
| തൃശ്ശൂർ | 380 |
| പാലക്കാട് | 69 |
| മലപ്പുറം | 96 |
| കോഴിക്കോട് | 113 |
| ആകെ | 1120 |

ബന്ധപ്പെട്ട സ്ഥാപനവും കെൽട്രോണും സംയുക്തമായാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. കമ്പ്യൂട്ടർ പരിശീലനം ലഭ്യമായ 1120 വിദ്യാർത്ഥികളിൽ 320 പേർക്ക് മാത്രം പ്ലേയ്സ്മെന്റ് നൽകിയിട്ടുണ്ട്. 100 ഓളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി പ്ലേയ്സ്മെന്റ് നിരസിച്ചതായും അവശേഷിക്കുന്നവർ പ്ലേയ്സ്മെന്റ് മുഖേന ലഭ്യമായ അവസരങ്ങളിൽ തല്പരരല്ലെന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ